2015-16-ൽ അനുവദിച്ചിട്ടുണ്ട്. കരുവാന്നൂർ പുഴയിൽ മുനയം റഗുലേറ്റർ എന്ന പ്രവൃത്തിക്ക് 2-11-2009-ൽ ഭരണാനുമതി നൽകിയിട്ടുണ്ട്. റിവൈസ്ഡ് ഭരണാനുമതി ലഭിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ ചീഫ് എഞ്ചിനീയർ പദ്ധതി വിഭാഗം-2 എടുത്തുവരുന്നു. മുകളിൽ പറഞ്ഞ തൃശ്ശൂർ ജില്ലയിലെ പ്രവൃത്തികൾക്കായി 46 കോടി രൂപ ബഡ്ജറ്റിൽ നീക്കിവച്ചിട്ടുണ്ട്. ഈ പ്രവൃത്തികളുടെ പുതിയ നിരക്ക് പ്രകാരമുള്ള റിവൈസ്ഡ് എസ്റ്റിമേറ്റുകൾക്ക് അംഗീകാരം നൽകുന്ന വിഷയം പരിശോധിച്ചു വരുന്നു. പാലക്കാട് ജില്ലയിലെ അട്ടപ്പാടി മേഖലയിലെ ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടി അട്ടപ്പാടി വാലി ഇറിഗേഷൻ പ്രോജക്ട് (AVIP)-ന് 22-8-2012 പ്രകാരം തത്വത്തിൽ അംഗീകാരം (in principle approval) നൽകിയിട്ടുണ്ട്. AVIP-യുടെ കേന്ദ്ര പാരിസ്ഥിതിക അനുമതി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കളങ്ങളുടെ നവീകരണ പദ്ധതി

199(2668) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിന് ഒരു കളം പദ്ധതി പ്രകാരം എത്ര കളങ്ങളുടെ നിർമ്മാണ പ്രവൃത്തികളാണ് വകുപ്പ് ഏറ്റെടുത്തതെന്ന് വ്യക്തമാക്കുമോ;

(ബി) എത്ര പ്രവൃത്തികളാണ് പൂർത്തീകരിച്ചതെന്നും ഇതിനായി എത്ര തുകയാണ് ചെലവിട്ടതെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഒരു പഞ്ചായത്തിന് ഒരു കളം പദ്ധതി പ്രകാരം 354 കളങ്ങളുടെ പ്രവൃത്തികളാണ് ഏറ്റെടുത്തത്.

(ബി) ഇതിൽ 194 കളങ്ങളുടെ പ്രവൃത്തി പൂർത്തിയായി. RRR/ഒരു പഞ്ചായത്തിൽ ഒരു കളം പദ്ധതി എന്നിവയ്ക്കായി 31-10-2015 വരെ 22,14,43,786 രൂപ '4702-00-101-87-01 Renovation of Ponds' എന്ന ശീർഷകത്തിൽ ചെലവഴിച്ചിട്ടുണ്ട്.

കാസർഗോഡ് ജില്ലയിലെ കുടിവെള്ളക്ഷാമം

200(2669) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി ഏതൊക്കെ മേജർ പ്രവൃത്തികൾക്കാണ് അനുമതി നൽകിയിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇപ്പോൾ അനുവദിച്ചതും മുൻപ് അനുവദിച്ച് പൂർത്തിയായി കൊണ്ടിരിക്കുന്നതുമായ പ്രവൃത്തികളുടെ വിശദാംശങ്ങൾ ഇനംതിരിച്ച് വിശദമാക്കാമോ ;

(സി) അനുവദിച്ച പ്രവൃത്തികൾ പൂർത്തിയാക്കാൻ കഴിയാതെ വർഷങ്ങളോളം നീണ്ടു പോകുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ആയതിന്റെ കാരണം വകപ്പ് പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ&ബി) കാസർഗോഡ് ജില്ലയിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി നടപ്പിലാക്കിവരുന്ന വൻകിട പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി&ഡി) ഉണ്ട്. പദ്ധതികൾക്കാവശ്യമായ സ്ഥലങ്ങൾ അതാത് പഞ്ചായത്ത് അധികൃതർ യഥാസമയത്ത് ലഭ്യമാക്കാത്തതും പൊതുമരാമത്ത് വകപ്പിൽനിന്നും പൈപ്പിടുന്നതിന് അനുമതികൾ വൈകുന്നതും പദ്ധതി ഉദ്ദേശിച്ച സമയത്തിനുള്ളിൽ പൂർത്തീകരിക്കാൻ സാധിക്കാത്തതിന് കാരണമാകുന്നുണ്ട്. കൂടാതെ നിർമ്മാണ പ്രവൃത്തികൾക്കാവശ്യമായ മണൽ, ചല്ലി എന്നിവയുടെ ലഭ്യത അഥവാ അവയുടെ നിയന്ത്രണം, മറ്റ് പ്രാദേശിക പ്രശ്നങ്ങൾ എന്നിവ പദ്ധതികൾ യഥാസമയം പൂർത്തീകരിക്കുന്നതിന് കാലതാമസം വരുത്തുന്നുണ്ട്.

കോഴിക്കോട് ജില്ലയിൽ ജപ്പാൻ കുടിവെള്ള പദ്ധതി വ്യാപിപ്പിക്കാൻ നടപടി

201(2670) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജപ്പാൻ കുടിവെള്ള പദ്ധതിപ്രകാരമുള്ള കുടിവെള്ള വിതരണം കോഴിക്കോട് ജില്ലയിലെ ചക്കിട്ടപ്പാറ ഉൾപ്പെടെയുള്ള ഗ്രാമപഞ്ചായത്തുകളിലേക്ക് വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly